*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

162nd Issue - Volume 4, No. 43 ജാഗ്രത 3rd December 2010

"മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുന്നു. അന്തിമമായ തീരുമാനം കർത്താവിന്റേതത്രേ."

(സുഭാഷിതങ്ങൾ 16:1)

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil




ST. NICHOLASS

## ഉന്നതവിദ്യാഭ്യാസനയരേഖ: അപകടത്തിലേക്കുള്ള കവാടം



ബിഷപ് സ്റ്റാൻലി റോമൻ, ചെയർമാൻ,

കെസിബിസി വിദ്യാഭ്യാസ/ഐക്യ - ജാഗ്രത കമ്മീഷൻ

# ഉന്നതവിദ്യാഭ്യാസനയരേഖ: അപകടത്തിലേക്കുള്ള കവാടം

ബിഷപ് സ്റ്റാൻലി റോമൻ, ചെയർമാൻ, കെസിബിസി വിദ്യാഭ്യാസ/ഐക്യ - ജാഗ്രത കമ്മീഷൻ

കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തെ തകർച്ചകൾ ആരെയും ആകുലപ്പെടുത്തുന്നതാണ്. ആയിരത്തി അറുനൂറ് അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. അവിടെയെല്ലാം. ഗസ്റ്റ് ലക്ചേഴ്സിനെ ദിവസക്കൂലിക്കു നിയമിച്ച് നടത്തുന്ന ഉന്നതവിദ്യാഭ്യാസത്തിന്റെ അവസ്ഥ ഊഹിക്കാമല്ലോ. പുതിയതും ഫലപ്രദവുമായ ഒരു കോഴ്സും സർക്കാർ എയ്ഡഡ് കോളേജുകളിൽ കഴിഞ്ഞ കുറച്ചേറെ വർഷങ്ങളിൽ അനുവദിച്ചിട്ടില്ല. കൃത്യമായ സമയത്തിനു പ്രവേശനമോ പരീക്ഷയോ നടത്തുന്നില്ല. ഇവിടെ ഓരോവർഷവും ഏതാണ്ട് പതിനായിരത്തോളം ബിരുദബിരുദാനന്തര സീറ്റുകൾ വിദ്യാർത്ഥികളില്ലാതെ കിടക്കുന്നു. അതേസമയം ഏതാണ്ട് മുക്കാൽ ലക്ഷം വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസം തേടി മറ്റു സംസ്ഥാനങ്ങളിൽ പോകുന്നു. ചിലർ നിലവാരമില്ലാത്ത സ്ഥാപനങ്ങളിൽ ചേർന്ന് പണവും ഭാവിയും നഷ്ടപ്പെടുത്തുന്നു. എങ്ങനെ ഈ പ്രതിസന്ധിയെ നേരിടണമെന്ന കാര്യം പലവട്ടം സർക്കാരിനെ ധരിപ്പിച്ചിട്ടുള്ളതാണ്. എങ്കിലും ഓരോ വർഷവും ചില കമ്മീഷനുകളെ നിയോഗിച്ച് പഠനറിപ്പോർട്ടുകളും ചർച്ചകളും മാത്രമായി മുന്നോട്ടുപോകുന്നു. ഓരോവർഷവും കോടിക്കണക്കിനു രൂപ മുടക്കി പ്രവർത്തിക്കുന്ന ഉന്നതവിദ്യാഭ്യാസസമിതിയാകട്ടെ ഭരണകക്ഷിയുടെ പ്രത്യയശാസ്ത്രം പ്രചരിപ്പിക്കാനും അതനുസരിച്ച് വിദ്യാഭ്യാസനയങ്ങൾ രൂപപ്പെടുത്താനും ശ്രമിക്കുന്നു. ഫലമോ വിദ്യാർത്ഥികൾ കഴിയുന്നത്ര സംസ്ഥാനം വിടുന്നു.

## ഉന്നതവിദ്യാഭ്യാസരംഗത്തെ പ്രത്യയശാസ്ത്ര സ്വാധീനം

ഈ അടുത്തകാലത്ത് രണ്ടുപ്രധാന റിപ്പോർട്ടുകളാണ് ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രസിദ്ധീകരിച്ചിരിക്കുന്നത്. സർവ്വകലാശാലാനിയമങ്ങൾ പരിഷ്ക്കരിക്കേണ്ടതിനെക്കുറിച്ചുള്ള ഡോ. അനന്തകൃഷ്ണൻ കമ്മീഷൻ റിപ്പോർട്ടും ഉന്നതവിദ്യാഭ്യാസസമിതിയുടെ നയരേഖയായി ഡോ. അനന്തമൂർത്തി കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടുമാണിത്. ഈ രണ്ടുരേഖയിലും നിറഞ്ഞുനില്ക്കുന്നത് പ്രധാനമായും ഇവിടുത്തെ ഭരണകക്ഷിയുടെ രാഷ്ട്രീയ പ്രത്യയശാസ്ത്രമാണ്. ഉന്നതവിദ്യാഭ്യാസസമിതി ഈ പ്രത്യയശാസ്ത്രപ്രചരണത്തിനും നടപ്പിലാക്കലിനുമായി നിയുക്തമാണ് എന്നും തോന്നും. സ്വകാര്യമേഖലയും, സ്വകാര്യ എയ്ഡഡ് കോളേജുകളും സാമൂഹ്യപ്രതിബദ്ധതയില്ലാത്തതാണ്, അഴിമതിക്കു കാരണക്കാരാണ്, കമ്പോളസംസ്ക്കാരത്തിന്റെ സ്വാധീനമാണ് അവിടെ എന്നിങ്ങനെ ആക്ഷേപിക്കുകയും ആരോപണം ഉന്നയിക്കുകയും ചെയ്യുകയും ഏതെങ്കിലും സ്ഥാപനങ്ങളുടെ പിഴവുകളെ പർവ്വതീകരിക്കുകയും സാമാന്യവൽക്കരിക്കുകയും ചെയ്യുന്നതും ചില തന്ത്രങ്ങളുടെ ഭാഗംതന്നെയാണ്. എന്നിട്ട് സർക്കാരിന്റെ സർവ്വാധിപത്യവും പരിപൂർണ്ണ നിയന്ത്രണവും ആദർശവൽക്കരിക്കുന്ന രീതിയാണ് അവലംബിക്കുന്നത്. സർക്കാർ സംവിധാനങ്ങളിൽ അഴിമതിയോ കച്ചവടമനസ്ഥിതിയോ, പണാധിപത്യമോ തരിമ്പും ഇല്ലെന്ന കാഴ്ചപ്പാടുള്ളത് യാഥാർത്ഥ്യങ്ങൾക്കു നിരക്കുന്നതാണോ എന്നതു മറ്റൊരുചോദ്യം.

## സഭാസമുദായങ്ങളുമായി സഹകരിക്കാൻ തയ്യാറായ സർക്കാരുകൾ

കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തിന്റെ പ്രത്യേകത അവിടെ സർക്കാരിന്റെ മുതൽമുടക്കു താരതമ്യേന കുറവാണെന്നുള്ളതാണ്. ആളോഹരി ചെലവഴിക്കുന്ന തുക കുറവാണെങ്കിലും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നല്ല ഗുണനിലവാരമുള്ള വിദ്യാഭ്യാസം നല്കാൻ നമുക്ക് കഴിയുന്നുണ്ട്. നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ഉന്നതവിദ്യാഭ്യാസം പകർന്നുകൊടുക്കാൻ ആരംഭിച്ച സഭാസമുദായങ്ങളുടെ കോളേജുകളാണ് ഇതുപോലൊരു സാഹചര്യം സൃഷ്ടിച്ചത്. അതുവഴി പൊതുസമൂഹത്തിനു ഇവ പകരുന്ന നന്മകൾ കണ്ട് മഹാരാജാക്കന്മാരും സർക്കാരും കോളേജുകളെ സഹായിക്കാൻ സന്നദ്ധരായി. 1972-ൽ ഡയറക്റ്റ് പെയ്മെന്റ് എഗ്രിമെന്റുവഴി അദ്ധ്യാപകരുടെ ശമ്പളം സർക്കാർ നല്കാൻ തയ്യാറായി; അങ്ങനെ വിദ്യാഭ്യാസം സമൂഹത്തിന് സൗജന്യമായി നല്കാനും കഴിഞ്ഞു. ഇത് ഉന്നതവിദ്യാഭ്യാസരംഗത്ത് സഭാസമുദായങ്ങളോടെ സർക്കാർ സഹകരിക്കാൻ കാണിച്ച മനോഭാവത്തിന്റെ ഫലമാണ്. എന്നാൽ ഇപ്പോൾ ഉന്നതവിദ്യാഭ്യാസസമിതി നയരേഖയിലൂടെ സ്വകാര്യ എയ്ഡഡ് കോളേജുകളെ ആക്ഷേപിക്കാനും ഒപ്പം പഴയ ചരിത്രമെല്ലാം മറന്ന് ദേശസാൽക്കരിക്കാനും ശ്രമിക്കയാണ്.

## എന്തുകൊണ്ട് എയ്ഡഡ് കോളേജുകൾ മെച്ചപ്പെടുന്നു

സർക്കാർ കോളേജുകളിൽ സൗകര്യങ്ങൾ കുറവാണെന്നും വിദ്യാഭ്യാസനിലവാരം മെച്ചമല്ലെന്നും നിരീക്ഷിക്കുന്ന നയരേഖ എന്തുകൊണ്ട് ഇപ്രകാരം സംഭവിക്കുന്നുവെന്നു പരിശോധിക്കുന്നില്ല. ഓരോ വർഷവും കോടിക്കണക്കിനു രൂപയാണ് സർക്കാർ പൊതുഖജനാവിൽനിന്നും അവിടെ ചെലവഴിക്കുന്നത്. എന്നാൽ അതിനേക്കാൾ തുലോം തുച്ഛമായ തുക സർക്കാർമുടക്കുന്ന സ്വകാര്യ എയ്ഡഡ് കോളേജുകളിൽ ഉന്നതനിലാവാരമുളള സൗകര്യങ്ങളും വിദ്യാഭ്യാസവും നല്കാൻ സഭാസമുദായങ്ങൾക്കു കഴിയുന്നതെങ്ങനെയെന്നു പരിശോധിക്കാൻ നയരേഖ ബദ്ധപ്പെടുന്നുമില്ല.

## വിദ്യാർത്ഥികളോടു വിവേചനം പാടില്ല

ഏറ്റവും പാവപ്പെട്ടവർക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം നല്കുന്ന എയ്ഡഡ് കോളേജുകളിലും പഠിക്കുന്നവർ പൊതുഖജനാവിലേക്കു നികുതി അടയ്ക്കുന്ന പൊതുസമൂഹത്തിൽപ്പെട്ടവർ തന്നെയാണെന്ന കാര്യം മറക്കരുത്. സർക്കാർ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളെപ്പോലെതന്നെ സ്വകാര്യ എയ്ഡഡ് കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥിക്കും പൊതുഖജനാവിൽനിന്നും ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കുന്ന തുകയിൽ അവകാശമുണ്ട്. അതുമറന്നുകൊണ്ട് പ്രത്യയശാസ്ത്രത്തിൽ കണ്ണുമങ്ങിയവർ ചമയ്ക്കുന്ന നയരേഖകൾ ഇത് ഒരു ജനാധിപത്യരാഷ്ട്രമാണെന്ന കാര്യം മറക്കുന്നു. സ്വകാര്യകോളേജുകളുമായി സർക്കാരുണ്ടാക്കിയ കരാറുകളെ അതുവഴി തള്ളിക്കളയാൻ ശ്രമിക്കുകയും ചെയ്യുന്നു.

## ഓട്ടോണമി ആവശ്യം

ഉന്നതവിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്ക് ഓട്ടോണമി അഥവാ സ്വയംഭരണാവകാശമാണ് അത്യാവശ്യമെന്ന അടിസ്ഥാനതത്വം നയരേഖ വിസ്മരിക്കുന്നു. പ്രശസ്ത വിദ്യാഭ്യാസ വിചക്ഷണനും നമ്മുടെ രാഷ്ട്രപതിയുമായിരുന്ന ഡോ. രാധാകൃഷ്ണൻ ഇക്കാര്യം പ്രത്യേകമായി ആവർത്തിച്ച് ഉന്നയിച്ചിരുന്നു. ഇന്ത്യയിൽ ഓരോ വർഷവും ഏറ്റവും നല്ല കോളേജുകളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ അതിൽ എല്ലാംതന്നെ ഓട്ടോണമസ് കോളേജുകളാണെന്നുകാണാം. എന്നാൽ ഈ ഓട്ടോണമി ഇവിടെ നൂറ്റാണ്ടുകളുടെ പ്രവർത്തനപാരമ്പര്യമുള്ള കോളേജുകൾക്കുപോലും നിഷേധിക്കുന്ന നയമാണ് രേഖയിൽ കാണാൻ കഴിയുന്നത്. ഇക്കാര്യത്തിൽ രണ്ടു രേഖകളും തീർത്തും നിരാശപ്പെടുത്തുന്നു. പ്രത്യയശാസ്ത്രപരമായ നിലപാടുകളാണ് ഈ സ്വാതന്ത്ര്യം നിഷേധിക്കുന്ന നീക്കത്തിന്റെ പിന്നിൽ കാണാൻ കഴിയുന്നത്. വിദ്യാഭ്യാസസ്വാതന്ത്ര്യം അനുവദിക്കുന്നില്ല എന്നതു പോകട്ടെ, ഡയറക്റ്റ് പെയ്മെന്റ് എഗ്രിമെന്റിൽ 1972-ൽ സർക്കാർ അംഗീകരിച്ച സ്വാതന്ത്ര്യങ്ങൾ എല്ലാം കവർന്നെടുക്കുന്ന നയമാണ് ഉന്നതവിദ്യാഭ്യാസസമിതിയുടേത്. അതിന് അകൗണ്ടബലിറ്റി സാമൂഹ്യനിയന്ത്രണം എന്നിങ്ങനെ പേരുചൊല്ലി വിളിക്കുകയും ചെയ്യുന്നു. കോളേജുകളുടെ നടത്തിപ്പിൽ ഇടപെടുന്ന കൗൺസിലിനു രൂപം നല്കാനും അദ്ധ്യാപക നിയമനത്തിനായി കോളേജ് സർവ്വീസ് കൗൺസിലിനു രൂപം നല്കാനുമുള്ള നിർദ്ദേശം ഈ ലാക്കോടുകൂടിയാണ്. ഇതുരണ്ടും പ്രത്യേകമായി ന്യൂനപക്ഷങ്ങളുടെ സ്ഥാപനങ്ങളിൽ അവരുടെ വിദ്യാഭ്യാസ അവകാശത്തിനു വിരുദ്ധമാണെന്ന കാര്യവും ഓർക്കേണ്ടതാണ്. അതുകൊണ്ടുതന്നെ ഈ നിലപാടുകൾക്ക് സാധൂകരണമില്ല.

## വിവേചനമെന്ന വികല വ്യാഖ്യാനം

ഭാഷ-മത-ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ അവകാശം ഭരണഘടനാപരമായ അവകാശമാണ്. ന്യൂനപക്ഷങ്ങളുടെ നിലനില്പിനും സംരക്ഷണത്തിനുമായി ഭരണഘടനാ വിധാതാക്കൾ രൂപം നല്കിയിരിക്കുന്ന അവകാശമാണ് സ്വന്തം പണം മുടക്കി സ്വന്തമായി വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടാക്കുവാനും നടത്തിക്കൊണ്ടുപോകാനുമുള്ള അവകാശം. അവിടെ പരമാവധി തങ്ങളുടെ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചും അദ്ധ്യാപകരെ നിയമിച്ചും നടത്തിക്കൊണ്ടുപോകാനുള്ള അവകാശമാണിത്. ഭാഷാമതന്യൂനപക്ഷങ്ങളുടെ നിലനില്പിനും സംരക്ഷണത്തിനുമായി നല്കിയിരിക്കുന്ന ഭരണഘടനാപരമായ ന്യൂനപക്ഷാവകാശത്തെ പിന്നോക്കസമുദായങ്ങൾക്കു നല്കിയിരിക്കുന്ന പിന്നോക്കാവസ്ഥ പരിഹരിക്കാനുള്ള സംവരണവുമായി തുല്യമായി ചിത്രീകരിക്കുകയാണ് നയരേഖ. എന്നിട്ട് ക്രൈസ്തവർക്ക് വിദ്യാഭ്യാസരംഗത്തു പിന്നോക്കാവസ്ഥയില്ലെന്ന ന്യായംപറഞ്ഞ് ന്യൂനപക്ഷാവകാശം കവർന്നെടുക്കാൻ ആശയപ്രചരണം നടത്തുന്നു. കോടതികൾ അപ്പാടേ തള്ളിക്കളഞ്ഞ വിപരീത വിവേചനമെന്ന ആശയമാണ് പിൻവാതിലിലൂടെ കൊണ്ടുവരാൻ തല്പര കക്ഷികൾ ശ്രമിക്കുന്നത്. ഭാഷാന്യൂനപക്ഷമായ തമിഴർക്ക് അവരുടെ സംസ്കാരവും

ഭാഷയും സംരക്ഷിക്കുന്നതിനുള്ള അവകാശം അവർ എത്രമാത്രം സാമുഹ്യമായും സാമ്പത്തികമായും വളർന്നാലും നിലനില്ക്കും എന്നകാര്യം ഓർക്കേണ്ടതാണ്.

## ക്ലസ്റ്ററുകൾ അനധികൃതദേശസാൽക്കരണം

കോളേജുകളുടെ ക്ലസ്റ്ററുകൾ കേരളത്തിൽ മൂന്നിടത്തു പരീക്ഷിച്ചിട്ടു പണം നഷ്ടപ്പെടുത്തിയെന്ന മെച്ചം മാത്രമാണുണ്ടായതെന്ന് വിദ്യാഭ്യാസ വകുപ്പിന്റെ തലവൻ ഏറ്റുപറഞ്ഞതായി വാർത്തയുണ്ടായിരുന്നു. ഉന്നതനിലവാരത്തിലും, അച്ചടക്കത്തിലും, സംവിധാനങ്ങളിലും പ്രവർത്തിക്കുന്ന കോളേജുകളെ മറ്റു കോളേജുകളുമായി ചേർത്ത് ആ സ്ഥാപനത്തെയും തകർക്കാനുള്ള ശ്രമമാണിതിൽ എന്നു സംശയിച്ചാൽ അത് സ്വാഭാവികം മാത്രമാണ്. ക്ലസ്റ്ററുകളുടെ അച്ചടക്കം ആരുടെ ചുമലയാണ്? പ്രൈവറ്റ് എയ്ഡഡ് കോളേജുകളുടെ ഉന്നതനിലവാരമുള്ള ലാബ്, ലൈബ്രറി, ഹോസ്റ്റൽ, ക്ലാസ് മുറികൾ, കളിസ്ഥലങ്ങൾ തുടങ്ങിയവ ചുളുവിൽ തട്ടിയെടുക്കാനുള്ള ശ്രമം ഇതിൽ കാണുന്നതും സ്വാഭാവികം. അനധികൃതദേശസാൽക്കരണമാണ് പൊതുവിൽ ഇക്കാര്യത്തിൽ കാണാൻ കഴിയുന്നത്. മറ്റു കലാലയങ്ങളിൽനിന്നും മികച്ച അദ്ധ്യാപകരെ കൊണ്ടുവന്നു നടത്തുന്ന സെമിനാറുകളും സിമ്പോസിയങ്ങളും ഇപ്പോൾ സാധാരണമാണെന്നിരിക്കെ, ഈ ഒരു സമ്പ്രദായം അംഗീകരിക്കാൻ ആരും തയ്യാറായില്ല. ക്ലസ്റ്ററുകൾക്കു മാത്രം ഇനിമുതൽ കോഴ്സുകൾ അനുവദിക്കുകയുള്ളുവെന്ന നിലപാടും, അസംബന്ധമാണ്. ക്ലസ്റ്ററുകൾ എന്ന സംവിധാനം യു.ജി.സി. നിർണ്ണയിച്ചതിൽ നിന്നും വിട്ട് സ്വന്തം പ്രത്യയശാസ്ത്ര നടത്തിപ്പിനായി പുതുരൂപം നല്കാനാണ് നയരേഖ ശ്രമിക്കുന്നത്. ഓട്ടോണമി നല്കി കോളേജുകൾ വളരാൻ സാഹചര്യം ഉണ്ടാരുതെന്ന നിർബ്ബന്ധബുദ്ധിയും ക്ലസ്റ്ററുകളിലൂടെ സ്വകാര്യ എയ്ഡഡ് കോളേജുകളെ സർക്കാർ കോളേജുകൾപോലെ ആക്കാമെന്ന ദുർബുദ്ധിയും ഇതിനു പിന്നിൽ കാണുന്നവരാണ് ഏറെയും.

## അദ്ധ്യാപക നിയമനവും വിദ്യാർത്ഥിപ്രവേശനവും

അദ്ധ്യാപകരുടെ നിലവാരം നിർണ്ണയിക്കാൻ ഇപ്പോൾത്തന്നെ സംവിധാനങ്ങളുണ്ട്. ആവശ്യമായ വിദ്യാഭ്യാസയോഗ്യതയില്ലാത്ത ഒരാളേയും അദ്ധ്യാപകനായി നിയമിക്കാനാവില്ല. എന്നിരിക്കെ കോളേജ് സർവ്വീസ് കൗൺസിലിനുള്ള നിർദ്ദേശം ചിലർക്ക് അഴിമതി കാട്ടാനായി ഒരു സംവിധാനംകൂടി സൃഷ്ടിക്കുകയാണ് എന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. അനാവശ്യസംവിധാനങ്ങൾ നിർദ്ദേശിക്കുന്നവരുടെ ഉദ്ദേശലക്ഷ്യങ്ങൾ വിലയിരുത്തപ്പെടേണ്ടതാണ്. വിദ്യാർത്ഥിപ്രവേശനം ഏകജാലകത്തിലാക്കി ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം തകർക്കുക എന്നലക്ഷ്യവും നിർദ്ദേശങ്ങളിൽ കാണാൻ കഴിയുന്നു. സുതാര്യവും സുവ്യക്തവുമായി നടന്നിരുന്ന പ്രവേശനപ്രക്രിയ കേന്ദ്രീകൃതമാക്കി സുതാര്യത നഷ്ടപ്പെടുത്തി. കേവലം ഒരാഴ്ചകൊണ്ടു പൂർത്തിയായിരുന്ന പ്രവേശനം ഇപ്പോൾ മാസങ്ങളോളം നീളുന്നു. വിദ്യാർത്ഥികൾ പ്രവേശനം ഉറപ്പാകാത്തതുകൊണ്ട് മറ്റു സംസ്ഥാനങ്ങളിലേക്കു പോകുന്നു. ഒരു സെമസ്റ്ററിന്റെ നല്ല പങ്കും പ്രവേശനപ്രക്രിയയ്ക്കായി മാറ്റുന്നു. സമീപത്തെ കോളേജുകളിൽ പ്രവേശനം കിട്ടാനുള്ള സാദ്ധ്യത നിഷേധിക്കുന്നു. ഇതെല്ലാം ഈ കേന്ദ്രീകൃത പ്രവേശനപ്രക്രിയയുടെ ദുരനുഭവങ്ങളാണ്. ഇതു മാറ്റാനാണു ശ്രമിക്കേണ്ടത്.

ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രതിസന്ധികൾക്കും പരാജയങ്ങൾക്കും ഉത്തരംതേടാതെ പ്രത്യയശാസ്ത്രതിമിരം ബാധിച്ചവർ നടത്തുന്ന നിർദ്ദേശങ്ങളും നയങ്ങളും നമ്മുടെ ഉന്നതവിദ്യാഭ്യാസത്തെ തകർക്കുകയേ ഉള്ളൂ. സമൂഹത്തിന്റെ നന്മയും വിദ്യാഭ്യാസത്തിന്റെ വളർച്ചയും ലക്ഷ്യമാക്കിയാണ് നയങ്ങൾക്കു രൂപംനല്കേണ്ടത്. അതിന് സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന നിർദ്ദേശങ്ങൾ സ്വാഗതം ചെയ്യാൻ എല്ലാവരും രംഗത്തുവരും. അപ്രകാരമുള്ള ശ്രമങ്ങൾ കാണാതെ വരുന്നുവെന്നതാണ് ഉന്നതവിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്നവരെ നിരാശരാക്കുന്നത്.

JAGRATHA News

"Jagratha News" - An internet news service is free and for private circulation

Web: www.kcbcsocialharmony.org, Blog: jagrathakcbc.blogspot.com

Designed and Edited by Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA

******